(ഇ) കൊല്ലം, തിരുവനന്തപുരം പാത ഇരട്ടിപ്പിക്കൽ 2000 മാർച്ചിൽ പൂർത്തിയാകുമെന്നും, കോഴിക്കോട്-മാംഗ്ലൂർ പാതയുടെ പണി 15-3-2000-ൽ തീരുമെന്നും റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

86 (374) ശബരിമലയിലെ തിരക്ക് നിയന്ത്രണം

ശ്രീ. കെ. സുധാകരൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതിനേയും അപകടം ഒഴിവാക്കുന്നതിനേയും പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഡി.ജി.പി. ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിരുന്നുവോ;

(ബി) ഈ സമിതിയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(സി) ഈ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) ഈ ശുപാർശകൾ നടപ്പാക്കിയോ?

ഉത്തരം

(എ) നിയോഗിച്ചിരുന്നു.

(ബി) റിപ്പോർട്ട് 8.2.1999-ൽ കിട്ടിയിട്ടുണ്ട്.

(സി) പമ്പയിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള പ്രശ്നങ്ങൾ ഒഴിവാക്കുക, പമ്പയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുക, പമ്പയിൽ ഹിൽടോപ്പിൽ മകരവിളക്ക് ദർശനത്തിനു കൂടുന്ന അയ്യപ്പൻമാരുടെ കൂട്ടത്തെ നിയന്ത്രിക്കുക, സന്നിധാനത്തെ പതിനെട്ടാംപടിയുടെ മുമ്പിലെ നീണ്ട ക്യൂ നിയന്ത്രിക്കുക, മകരവിളക്കു ദിവസം സന്നിധാനത്തനുഭവപ്പെടുന്ന അയ്യപ്പൻമാരുടെ തിരക്ക് നിയന്ത്രിക്കുക എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത്.

(ഡി) ഡി.ജി.പി.യുടെ ശുപാർശകൾ ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ ചർച്ച ചെയ്തു. ഈ സീസണിൽ നടപ്പാക്കാവുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. മറ്റു നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

87 (375) ഗുരുവായൂർ ദേവസ്വത്തിൽ സർവ്വീസിൽനിന്നും പിരിഞ്ഞവരുടെ നിയമനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിൽ 33 വർഷം ജോലി ചെയ്തു പിരിഞ്ഞയാളെ ദേവസ്വം നിയന്ത്രണത്തിലുള്ള ശ്രീകൃഷ്ണ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ശിപായി ആയി നിയമനം നൽകിയിട്ടുണ്ടോ;

(ബി) സർവ്വീസിൽനിന്നും വിരമിക്കുന്നവർക്ക് നിയമനം നൽകുന്ന രീതി ഗുരുവായൂർ ദേവസ്വത്തിൽ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് നിർത്തലാക്കി തൊഴിലില്ലാത്തവരായ യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ ദേവസ്വത്തിന് സർക്കാർ ഉപദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേവസ്വത്തിൽനിന്നും പിരിഞ്ഞ ഒരു ജീവനക്കാരനെ തികച്ചും താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ശിപായി ആയി ദേവസ്വം നിയമിക്കുകയുണ്ടായി. ടിയാന്റെ സേവനം 99 നവംബർ 30-ാം തീയതി അവസാനിപ്പിക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തിൽ ദേവസ്വത്തിന് വേണ്ട നിർദ്ദേശം നൽകുന്നതാണ്.

88 (376) തിരുവിതാംകൂർ ദേവസ്വംബോർഡിലെ പാർട്ട്ടൈം ജീവനക്കാർ

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിൽ ഉള്ള ക്ഷേത്രങ്ങളിൽ വളരെ വർഷക്കാലമായി പാർട്ട്ടൈം ജീവനക്കാർ ജോലി ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെ എന്ന് വെളിപ്പെടുത്താമോ;

(സി) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിൽ ഉള്ള ക്ഷേത്രങ്ങളിലെ പാർട്ട്ടൈം ജീവനക്കാരെ ഫുൾടൈം ജീവനക്കാരാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) 1986 മുതൽ പെരുവനം ക്ഷേത്രത്തിൽ ഉച്ചപൂജയുടെ പാത്രം തേയ്ക്കൽ, പെരുവനം ദേവസ്വം കൊട്ടാരം അടിച്ചുതളി തുടങ്ങിയ ജോലി ചെയ്തുവരുന്ന പാർട്ട്ടൈം ജീവനക്കാരിയുടെ നിയമനം അംഗീകരിച്ചുവോ;

(ഇ) പ്രസ്തുത ജീവനക്കാരിയുടെ നിയമനം അംഗീകരിച്ച് സ്ഥിരപ്പെടുത്തി അർഹമായ വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ഷേത്ര ജീവനക്കാരിൽ പാർട്ട്ടൈം ജീവനക്കാർ എന്നാൽ ഒരു ദേവസ്വത്തിൽ ഒരു ദിവസം ഒരു നേരം മാത്രം ജോലിക്കുള്ള ജീവനക്കാർ എന്ന് അർത്ഥമാകുന്നു. ക്ഷേത്ര ജീവനക്കാരുടെ സേവനം സംബന്ധിച്ച പൊതുവ്യവസ്ഥകൾ ഭാഗീകമായി ജോലി ചെയ്യാനുള്ള തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്കും ബാധകമാണ്.

(സി) പാർട്ട്ടൈം ജീവനക്കാരെ പ്രൊമോഷൻ വഴിയാണ് ഫുൾടൈം ആക്കുന്നത്. പാർട്ട്ടൈം ജീവനക്കാരുടെ പ്രൊമോഷൻ ബന്ധപ്പെട്ട ഗ്രൂപ്പടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. ഒരു ഗ്രൂപ്പിൽ ഒരു ഒഴിവുണ്ടാകുന്ന അവസരത്തിൽ മറ്റേതെങ്കിലും ഗ്രൂപ്പിൽനിന്നും അതേ ലാവണത്തിൽ ജോലി നോക്കിവരുന്ന ഒരു ഫുൾടൈം ജീവനക്കാരൻ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നപക്ഷം, സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകേണ്ടതാണെന്നും, ടി വേക്കൻസിയിൽ പ്രൊമോഷൻ നൽകുന്നയാളിനെ പ്രൊമോഷൻ നൽകി സ്ഥലംമാറിവന്ന ജീവനക്കാരൻ ജോലി നോക്കിയിരുന്ന ദേവസ്വത്തിലേക്ക് മാറ്റേണ്ടതാണെന്നും, ഒരു ഗ്രൂപ്പിൽ ഒരു ഫുൾടൈം ഒഴിവ് ഉണ്ടാകുമ്പോൾ ആ ഗ്രൂപ്പിൽ പാർട്ട്ടൈം ജീവനക്കാർ ഉള്ളപക്ഷം അവരെ പ്രൊമോട്ടു

LIBRARY ARCHIVES Kerala Legislative Assembly